ന്ന

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 191 27-06-2011 -ൽ മറുപടിക്ക്.

## അബ്കാരി കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>" കെ. രാജു | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് എത്ര അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 38261 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. |
| (ബി) ഈ കാലയളവിൽ എത്ര വാഹനങ്ങൾ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്; എത്ര വാഹനങ്ങൾ കണ്ടുകെട്ടിയിട്ടുണ്ട്; | (ബി) 2045 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളതും, 2952 വാഹനങ്ങൾ കണ്ടുകെട്ടിയിട്ടുള്ളതുമാണ്. |
| (സി) ഈ അബ്കാരി കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇതിനകം എത്ര പേരെ ശിക്ഷിച്ചു; | (സി) 26041 പേരെ അറസ്റ്റ് ചെയ്യുകയും, അതിൽ 11962 പേരെ ശിക്ഷിച്ചിട്ടുള്ളതുമാണ്. |
| (ഡി) മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വില്പന, നിർമ്മാണം, ഉപഭോഗം എന്നിവ തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിർമ്മാണം, ഉപഭോഗം, വിപണനം എന്നിവ തടയുന്നതിന് ശക്തമായ റെയ്ഡുകൾ നടത്തി വരികയും, വാഹന പരിശോധന, രാത്രികാല പട്രോളിംഗ് എന്നിവ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ബോർഡർ പട്രോളിംഗിനായി പ്രത്യേക സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. മദ്യാസക്തിക്കെതിരെ, ലഹരി വർജ്ജന ബോധൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ എന്നിവ നടത്തി വരുന്നു. ജനകീയ കമ്മിറ്റികൾ, പഞ്ചായത്ത് / താലൂക്ക് / ജില്ലാ തലത്തിൽ പ്രവർത്തിച്ചു വരുന്നു. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അബ്കാരി കുറ്റ കൃത്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, മേൽ നടപടിക്കായി എക്സൈസിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ, പ്രത്യേക ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ പോലീസ്, റവന്യൂ, വനം എന്നീ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത റെയിഡുകൾ നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ